20/11/22

05/11/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം


പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920

Email:- sic.ker@nic.in


## ഹർജി നമ്പർ AP.No.1985(5)/18/SIC

## തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

## File No.9191/SIC-G7/2018

സന്നിഹിത

ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

ഉത്തരവ് തീയതി : 05.11.2021

ശ്രീ. എസ്.ജയപ്രകാശ്,
അജിൽ ഭവൻ, തേക്കുംമൂട്,
തൊളിക്കോട് പി.ഒ, നെടുമങ്ങാട്, തിരുവനന്തപുരം. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
വില്ലേജ് ഓഫീസ്, തൊളിക്കോട് വില്ലേജ്,
നെടുമങ്ങാട്, തിരുവനന്തപുരം.

2. അപ്പീൽ അധികാരി & തഹസിൽദാർ (ഭൂരേഖ),
താലൂക്ക് ഓഫീസ്,
നെടുമങ്ങാട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ തീയതി | 28.05.2018, 09.07.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 19.06.2018 |
| ഒന്നാം അപ്പീൽ | 13.08.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | Nil |
| രണ്ടാം അപ്പീൽ | 30.08.2018 |
| ഹിയറിംഗ് തീയതി, സ്ഥലം | 03.09.2021, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നില്ല<br>ഹാജരായിരുന്നില്ല |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.എസ്.ജയപ്രകാശ് 28.05.2018 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് (എസ്.പി.ഐ.ഒ) ആവശ്യപ്പെട്ടിരുന്നത്, 2016 ജനുവരി 1 മുതൽ മെയ് 26 വരെയുള്ള കാലയളവിൽ തൊളിക്കോട് വില്ലേജിൽ നോൺ ക്രീമിലയർ, ജാതി സർട്ടിഫിക്കറ്റ്, ലാറ്റിൻ കത്തോലിക്/നാടാർ ക്രിസ്ത്യൻസ് എന്നിവർക്കായി എത്ര അപേക്ഷകൾ ലഭിക്കുകയുണ്ടായി, എത്ര അപേക്ഷയ്ക്ക് തീർപ്പു കൽപ്പിച്ചിരുന്നു, എത്ര അപേക്ഷ നിരസിച്ചു, നിരസിക്കുവാനുണ്ടായ കാരണം എന്താണ് തുടങ്ങിയ വിവരങ്ങളായിരുന്നു.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 19.06.2018 ന് നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ 13.08.2018 ൽ അപ്പീൽ സമർപ്പിച്ചെങ്കിലും പ്രസ്തുത അപ്പീൽ തീർപ്പാക്കിയതായി കാണുന്നില്ല.

3. ഒന്നും രണ്ടും എതിർകക്ഷികളുടെ മറുപടിയിൽ തൃപ്തനാകാതിരുന്ന അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിക്കുകയുണ്ടായി. ടി അപ്പീൽ ഹർജി ഫയലിൽ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 03.09.2021 ന് ഹിയറിംഗ് പോസ്റ്റ് ചെയ്തിരുന്നെങ്കിലും ഹിയറിംഗിന് ഹാജരാകുവാൻ കഴിയില്ലെന്ന് എസ്.പി.ഐ.ഒ ടെലഫോൺ മുഖാന്തിരം കമ്മീഷനെ അറിയിച്ചു. അപ്പീൽ ഹർജിക്കാരൻ ഹാജരായിരുന്നില്ല.

4. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അപ്പീൽ ഹർജിക്കാരൻ 28.05.2018 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 19.06.2018 ൽ 4/2018 നമ്പർ കത്ത് പ്രകാരവും 09.07.2018 ൽ സമർപ്പിച്ച അപേക്ഷയ്ക്ക് 06.08.2018 ലെ 5/2018 നമ്പർ കത്ത് പ്രകാരവും മറുപടി നൽകിയിട്ടുണ്ടെന്ന് എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ എതിർകക്ഷികൾ ലഭ്യമാക്കിയതായി കമ്മീഷൻ നിരീക്ഷിക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ 24.08.2021 ൽ എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന്കണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 നവംബർ മാസം 5-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

Jn